Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 36 | 2017 ആഗസ്റ്റ് 26 | 1193 ചിങ്ങം 10

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"പുസ്തകജ്ഞാനം ഉതകാത്ത രംഗത്തു സഫലമാകുന്നത് കർമ്മത്തിലൂടെ പുണ്യം തേടിക്കുന്ന ധർമ്മഗതിയാണ് ."

# നാളെ 'നവപൂജിതം'

## ഗുരുവിന്റെ 91 –ാമത് ജന്മദിന പൂജിത സമർപ്പണ ആഘോഷത്തിന് ആശ്രമം ഒരുങ്ങി

**സ്പിരിചൽ സോൺ:** ഗുരുവിന്റെ 91 ാമത് ജന്മദിന പൂജിത സമർപ്പണ ആഘോഷം നവപൂജിതം നാളെ ശാന്തിഗിരി പരമ്പര ഏറ്റവും സമുചിതമായി ആഘോഷിക്കും. രാവിലെ മുതൽ പ്രത്യേക പ്രാർത്ഥനയും പുഷ്പസമർപ്പണവും നടക്കും. സന്ന്യാസിസന്ന്യാസിനിമാരും നിയുക്തരായവരും ആത്മബന്ധുക്കളും പ്രത്യേകമായി പുഷ്പസമർപ്പണം നടത്തും. ആറു മണിയുടെ ആരാധനയ്ക്ക് ശേഷമാണ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള ധ്വജാരോഹണം നടക്കുന്നത്. രാവിലെ പതിനൊന്നു മണിക്ക് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ നടക്കുന്ന നവപൂജിതം സമ്മേളനം ശ്രീലങ്കൻ വിദേശകാര്യസഹമന്ത്രി വസന്തസേനാ നായകെ ഉദ്ഘാടനം ചെയ്യും.സി.ദിവാകരൻ എം.എൽ.എ. അദ്ധ്യക്ഷത വഹിക്കും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമാകുന്ന ചടങ്ങിൽ ദേശീയ പട്ടികജാതി കമ്മീഷൻ ചെയർമാൻ നന്ദകുമാർ സായ് മുഖ്യാതിഥിയായി പങ്കെടുക്കും. നവപൂജിതം സുവനീർ കേന്ദ്ര സർക്കാരിന്റെ തെലുങ്കാന പ്രത്യേക പ്രതിനിധി ഡോ.എസ്. വേണുഗോപാലാചാരി പ്രകാശനം ചെയ്യും. ചടങ്ങിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് സിപിഐഎം തിരുവനന്തപുരം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ, ഡിസിസി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, ബിജെപി സംസ്ഥാന സെക്രട്ടറി ജെ.ആർ. പത്മകുമാർ, മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് ബീമാപള്ളി റഷീദ്, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. വേണുഗോപാലൻ നായർ, സിന്ദൂരം ചാരിറ്റീസ് ചെയർമാൻ സബീർ തിരുമല തുടങ്ങിയവർ സംസാരിക്കും.സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി സ്വാഗതവും ഡി. പ്രദീപ് കുമാർ കൃതജ്ഞതയും രേഖപ്പെടുത്തും.

ഉച്ചയ്ക്ക് ഗുരുപൂജയും ഗുരുവിന് തട്ടം സമർപ്പണവും വിവിധ സമർപ്പണങ്ങളും നടക്കും. വൈകുന്നേരം നാലു മണിക്ക് ശാന്തിഗിരി ഗ്ലോബൽ സ്പിരിചൽ കോൺക്ലേവ് സമാപനം നടക്കും. ദേവസ്വം സഹകരണമന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. എ. സമ്പത്ത് എം.പി. അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, വെനറബിൾ ഡോ. മൊറഗാലഗാമ ഉപാരാധന (ശ്രീലങ്ക), പാളയം ഇമാം ജനാബ് വി.പി. സുഹൈബ് മൗലവി തുടങ്ങിയവർ പങ്കെടുക്കും. മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി വിശിഷ്ടാതിഥികളെ ആദരിക്കും. മണിപ്പാൽ യൂണിവേഴ്സിറ്റി മുൻ വി.സി. പ്രൊഫ. ബി.എം. ഹെഗ്ഡെ മുഖ്യ പ്രഭാഷണം നടത്തും. ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ച് ചെയർമാൻ പ്രൊഫസർ എസ്. ആർ. ഭട്ട്, ശ്രീഗോകുലം മെഡിക്കൽ കോളേജ് മാനേജിംഗ് ഡയറക്ടർ ഡോ. കെ.കെ. മനോജൻ, ഡോ. ശൈലേഷ് മേത്ത, ഡോ. കെ.എൻ. ശ്യാമപ്രസാദ്, ഡോ. റ്റി.എസ്. സോമനാഥൻ തുടങ്ങിയവർ ആശംസകൾ അർപ്പിക്കും. ഡോ. ജി. ആർ. കിരൺ സ്വാഗതവും രേഖ മധുപാൽ കൃതജ്ഞതയും രേഖപ്പെടുത്തും.

സന്ധ്യയ്ക്ക് നടക്കുന്ന ദീപ പ്രദക്ഷിണത്തിൽ ആത്മബന്ധുക്കൾ കൈയിൽ ദീപങ്ങളുമേന്തി ആശ്രമസമുച്ചയം വലംവച്ചു പ്രാർത്ഥിക്കും.




ഗൃഹസ്ഥാശ്രമസംഘം യൂണിറ്റുകളുടെ വിഭവസമർപ്പണം

നവപൂജിതമായി ഗുരുവിന് സമർപ്പിക്കുന്ന ഈ ശുഭസന്ദർഭം എത്രയും സമുചിതമായി ആഘോഷിക്കുന്നതിന് ശാന്തിഗിരി പരമ്പര ഒരുങ്ങിക്കഴിഞ്ഞു. 2016 മെയ് 21 മുതൽ 2017 സെപ്തംബർ 30 വരെ ഒരു വർഷത്തിലധികം നീണ്ടു നിൽക്കുന്ന നവതി ആഘോഷങ്ങളുടെ സമർപ്പണമായിട്ടാണ് ഈ വർഷത്തെ നവപൂജിതം ആഘോഷം സംഘടിപ്പിച്ചിരിക്കുന്നത്.

'എന്റെ എല്ലാകാര്യങ്ങളും എല്ലാവരേയും അറിയിച്ച്,എല്ലാവരും ചേർന്ന് ചെയ്യണം' എന്ന ഗുരുവിന്റെ ആഗ്രഹം അനുസരിച്ച് നവപൂജിതം ആഘോഷങ്ങളിൽ പ്രാർത്ഥനാപൂർവ്വം പങ്കെടുത്ത് ധന്യത പ്രാപിക്കാനുള്ള ഒരുക്കത്തിലാണ് ആത്മബന്ധുക്കൾ.

അളവറ്റ ത്യാഗത്തിന്റേയും, സഹനത്തിന്റേയും സമ്പൂർണ്ണതയാണ് ഗുരുവിന്റെ 72 സംവത്സരകാലത്തെ ജീവിതം. സാധാരണക്കാരിൽ സാധാരണക്കാരുടെ ഭാഷയിൽ ഗുരു ലോകത്തോട് സംസാരിച്ചു.തന്നെ തേടിയെത്തുന്നവരുടെ ഹൃദയം ഗുരു സ്നേഹം കൊണ്ട് നിറച്ചു. ദു:ഖവും, വേദനയും പ്രയാസവും അവർ ഗുരുവിങ്കൽ സമർപ്പിച്ചു. അതെല്ലാം ഗുരു ഏറ്റുവാങ്ങി തന്റെ അറിവും സ്നേഹവും ലാളിത്യവും ഹൃദയവും അവരുമായി പങ്കുവെച്ചു. അവരിലൂടെ വിശ്വനവോത്ഥാനത്തിന്റെ നവ സന്ദേശം ഗുരു ലോകത്ത് പ്രചരിപ്പിച്ചു. ഗുരു കാണിച്ചു തന്ന പാത ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾക്കതീതവും വ്യക്തിയ്ക്കും, കുടുംബത്തിനും, സമൂഹത്തിനും അതിലൂടെ ലോകത്തിനു തന്നെയും സമാധാനവും ഐശ്വര്യവും നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്.



നവപൂജിതം കോഡിനേഷൻ ഓഫീസിന് തിരിതെളിയിക്കുന്നു

## 'നവപൂജിതം' വിഭവസമർപ്പണം

**സ്പിരിചൽ സോൺ:**ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ പന്ത്രണ്ട് യൂണിറ്റുകളിൽ നിന്നുമുള്ള വിഭവസമാഹരണം ഓഗസ്റ്റ് 24, വ്യാഴാഴ്ച നടന്നു. സർവാദരണീയ സ്വാമി മഹിതൻ ജ്ഞാനതപസ്വി നേതൃത്വം നല്കി. കോഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഓരോ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച വിഭവങ്ങൾ വൈകുന്നേരത്തോടെ ആശ്രമത്തിലെത്തിച്ച് ഗുരുവിന് സമർപ്പിച്ചു. ആത്മബന്ധുക്കളുടെ കൃഷിയിടങ്ങളിൽ വിളയിച്ച വിഭവങ്ങളും ആത്മബന്ധുക്കൾ തയ്യാറാക്കിയ വിഭവങ്ങളും സമർപ്പണത്തിനായി പ്രത്യേകം വാങ്ങിയ വിഭവങ്ങളുമടക്കം നിരവധി വിഭവങ്ങൾ നവപൂജിതം ആഘോഷങ്ങൾക്കായി ആശ്രമത്തിൽ സമർപ്പിച്ചു.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

നമ്മുടെ ആശ്രമത്തിന്റെ എല്ലാ കാര്യങ്ങളുടെയും നിദാനസ്വഭാവം പ്രാർത്ഥനയിലൂടെ വന്നിട്ടുള്ളതാണ്. നമ്മുടെ പ്രാർത്ഥന എന്തിനു വേണ്ടിയാണെന്ന് ലോകത്തിനു മനസ്സിലാകുന്ന ഒരു സ്വഭാവം വന്നു ചേരും. ഇരുപത്തിയേഴു പ്രാവശ്യം പൂർത്തീകരണം എന്ന പേരിൽ ഒരു കർമം നടത്തി. ഇരുപത്തിയേഴു നക്ഷത്രത്തിന്റെ സ്വഭാവത്തിലായിരുന്നു ആ പൂർത്തീകരണങ്ങൾ. 1973-ൽ ഇരുപത്തിയേഴും പൂർത്തിയായി. ഇരുപത്തി യേഴാമത്തേതു പൂർത്തിയായ അന്നാണ് 'ഞാൻ ആഗ്രഹിച്ചകാര്യം പൂർത്തി യായി'എന്ന് അറിയിപ്പ് കിട്ടിയത്.

ഈ അന്തരീക്ഷത്തിൽ പൂർണഭാവങ്ങളുടെ അണുക്കൾ നിറഞ്ഞു നില്ക്കുകയാണ്. അതുകൊണ്ട് പെണ്ണും ആണും സൂക്ഷിച്ചിവിടെ കൈകാര്യം ചെയ്യണം. നിങ്ങളുടെ ഓരോവാക്കും ഓരോ നോട്ടവും ഓരോ ഭാവവും ഈ അന്തരീക്ഷത്തിൽ പകർന്ന് തങ്ങിനിൽക്കും. നിങ്ങളുടെ ജീവിതത്തിൽ നിന്ന് അതൊരിക്കലും മാറുകയില്ല. ദയാനന്ദസരസ്വതി, ഋഷികേശ് ശിവാനന്ദൻ, ശങ്കരാചാര്യർ അങ്ങനെ സകല പേരും തോറ്റ രംഗമാണിത്. അപ്പോൾ പിന്നെ നിങ്ങളുടെ കാര്യം പറയുകയും വേണ്ട. നിങ്ങളുടെ കഴിവും കർമശേഷിയും ഇതിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ അതൊരു വലിയ ഭാഗ്യമാണ്.

നിങ്ങളുടെ പ്രവൃത്തിയെയാണ് ഞാൻ സ്നേഹിക്കുന്നത് പണത്തെയല്ല. ഇതൊരു വലിയ ത്യാഗത്തിന്റെ ഫലമാണെന്നും, അതിനെ മാനിച്ച് ഞാൻ എന്തും ത്യജിക്കുമെന്നും ഒരു വാശിയും നോവുമാണിതിനു വേണ്ടത്. വിനയവും വിനയത്തോടൊപ്പം വാക്കിലൊരു സൂക്ഷിപ്പും, അപ്പാ! ഞാൻ എന്തൊക്കെയോ ചെയ്യുന്നു. എന്തൊക്കെയോ ചെയ്യിക്കുന്നു. എന്നെ നിന്റെ ഇച്ഛയ്ക്കനുസരിച്ചു തന്നെ എപ്പോഴും ചെയ്യിക്കേണമേ എന്നൊരു യാചനാസ്വരത്തിലുള്ള പ്രാർത്ഥനയും പുലർത്തണം. ജീവനെ ഇതിനു വേണ്ടി അർപ്പിക്കാനൊരു അർപ്പണമനോഭാവം ഉണ്ടെങ്കിലേ ഇതു ശരിയാകൂ. ഇന്നു പ്രവർത്തിക്കുന്നവർ, ഒരു കുട്ടിയായാലും ഇതു തെറ്റിക്കാതെ കൊണ്ടുപോയാൽ അവരുടെ നാമം ചരിത്രത്തിന്റെ ഏടുകളിൽ പതിയും എന്നതിൽ സംശയമേ വേണ്ട. അതിന് ഒന്നോ രണ്ടോ തലമുറകൾ കഴിഞ്ഞെന്നുവരാം.

ഇതു നിങ്ങളുടെ പൂർവികർക്ക് കിട്ടാത്ത ഭാഗ്യമാണ്. നിങ്ങൾക്ക് ആ ഭാഗ്യം കിട്ടിയിരിക്കുന്നു. ഇത് ഒന്നിനും ആർക്കും അടിമപ്പെടാനുള്ളതല്ല. നബിയുടെ മക്കളെ കൊന്നിട്ട് ഭരണം പിടിച്ചു പറ്റിയതിന്റെ മഹാപാപശക്തിയാണ്, മുസ്ലീങ്ങൾ എവിടെ ഭരണമേറ്റാലും അവിടെ കൊല്ലും കൊലയും നടക്കുന്നതിനു കാരണം. അതിനാൽ നിങ്ങളുടെ ജീവിതവും ജീവിതത്തിലെ വികൃതിയും ഇവിടെ അഴിച്ചു തീർക്കണം.

നിങ്ങൾ ഒരു ചിട്ടയോടെ ജീവിക്കുകയാണെങ്കിൽ നല്ലതും ചീത്തയും ഇടകലർന്നു വരുന്നതായി മനസ്സിലാക്കാൻ കഴിയും. ജീവന്റെ അടിത്തട്ടിൽ കിടക്കുന്ന വാസനാമയമായ ചീത്ത വെളിയിൽ വന്ന് അഴിഞ്ഞുമാറി ആ സ്ഥാനത്ത് നല്ലതു വന്നു ചേരണം. നല്ല കാര്യങ്ങൾ കൂടുതൽ ചെയ്യുന്നവരിൽ അത്രയും തൂക്കത്തിൽ ചീത്തവരും. ജിജ്ഞാസുവോ സാത്വികനോ ആണെങ്കിൽ അതിനെ സ്വയം തടയാൻ കഴിയും.

ഒരു പുതിയ ഭൂമി കിട്ടിയതുപോലെയാണ് നമ്മുടെ അനുഭവം. കിട്ടുന്നതിന് മുമ്പ് അതെന്താണെന്നറിയില്ല. ഭൂമി എന്നു പറഞ്ഞത് ശരീരത്തെ ഉദ്ദേശിച്ചാണ്. ഹൃദയമാകുന്ന ഗോഡൗണിൽ ധാരാളം സാധനങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. അത് ചീത്തയാകാതെ സൂക്ഷിക്കണം. എത്ര കഷ്ടപ്പെട്ടായാലും അത് ചെയ്തൊതുക്കാൻ കഴിയണം. പുണ്യവും പാപവും രണ്ടും നമുക്കാവശ്യമില്ല എന്നൊരവസ്ഥ വരണം. പുണ്യം സമ്പാദിച്ചാൽ പിന്നെ അതിന്റെ ഫലം അനുഭവിക്കാൻ വീണ്ടും ജനിക്കണമല്ലോ. നിങ്ങളുടെ മനസ്സിനെ ധൈര്യപ്പെടുത്തിയാൽ ആർക്കും നിങ്ങളെ കീഴ്പ്പെടുത്താനാവില്ല. ഇവിടെ വന്നുനിൽക്കുന്നവർ ആണും പെണ്ണും അറിഞ്ഞോ അറിയാതെയോ എന്തൊക്കയോ നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. വേദനവരുന്ന സമയത്ത് നിങ്ങൾ കരയുന്നു. ആ കരച്ചിലിൽക്കൂടിപ്പോലും 'നിന്റെ ഇച്ഛ ചെയ്യാൻ കഴിയുമാറാകണമേ' എന്നു പ്രാർത്ഥിക്കണം.

നമുക്കു സിദ്ധി ആവശ്യമില്ല. സിദ്ധി കാലവിശേഷമാണ്. അതാതു കാലത്തെ ഒരു വിശേഷമായിട്ടു സിദ്ധി പ്രവർത്തിച്ചാൽ മതി. ഈ കാലത്തേക്കു സിദ്ധി ആവശ്യമില്ല. കൃഷ്ണൻ സിദ്ധിയുടെ പൂർണ സ്വഭാവം കാണിച്ചു നിർത്തി. ഇനി അതു പാടുള്ളതല്ല. നമ്മെ സത്യയുഗത്തിലേക്ക് നയിക്കുകയാണ് ദൈവം. അതിന് അങ്ങോട്ടു ചെയ്തിട്ട് ഇങ്ങോട്ടെടുക്കുകയാണു വേണ്ടത്. അല്ലാതെ ദൈവത്തിനു നിങ്ങൾ ഒന്നും ചെയ്തുകൊടുക്കേണ്ടതില്ല. ഹൃദയം നൊന്തു ചെയ്ത് ആ നോവിന്റെ ഫലമെടുക്കുകയാണ് വേണ്ടത്. ഒരിഞ്ചെങ്കിലും ചെയ്ത നിങ്ങൾ ഒരിക്കലും പുറകോട്ടു പോകരുത്. ഓരോരുത്തരുടെയും നല്ല ഗുണങ്ങൾ മാതൃകയാക്കണം. ഒരു ചെറിയ ജീവിയിൽ നിന്നുപോലും പഠിക്കാനുണ്ട്. എല്ലാറ്റിൽ നിന്നും പഠിച്ച് എന്റെ പ്രവൃത്തികൊണ്ട് ഒരാളെങ്കിലും നന്നാകും എന്ന വാശി പുലർത്തണം.

## വചനദീപ്തി

**ദൈവഹിതം എന്തായാലും അത്**
**എന്റെ ജീവിതത്തിൽ നിറവേറട്ടെ**
**മറിയം (യേശുദേവന്റെ അമ്മ)**

പ്രകാശപഥം

# ഏതു വേല ചെയ്യുമ്പോഴും ഗുരുവിനെ സാക്ഷി നിർത്തി

നമ്മളീ ചെയ്യുന്ന ഓരോ കർമ്മവും, സൂക്ഷ്മാത്സൂക്ഷ്മതരമായി ഒരു പ്രവർത്തനശേഷിയും ഈ പ്രകൃതിയിൽ വിലയം പ്രാപിച്ചു നില്ക്കുമെന്നും, നല്ലതും ചീത്തയും ഒരുപോലെ നില്ക്കുമെന്നും നാം ധരിക്കണം. ഇതു മനസിലാക്കി ഏറ്റവും ലളിതമായും സമ്പന്നമായും ശാന്തമായ രീതിയിൽ അല്ലെങ്കിൽ വിനയത്തിന്റെ ഭാവത്തിൽ ഗുരുശിഷ്യബന്ധത്തിലേക്ക് കടന്നിട്ട്, ഈ ഗുരുവും ശിഷ്യനുമായിട്ടുള്ള ഏതു സേവനവൃത്തിയിൽ കൂടിയാണ് ശുശ്രൂഷയിൽ കൂടിയാണ് തെളിമയിൽ കൂടിയാണെന്ന് മനസിലാക്കിയിട്ട്, നമ്മൾ ചെയ്തെടുക്കുന്ന കർമത്തിലേക്ക് നമ്മൾ പോകണം. കാരണം ഇത്രയും വലിയ ഒരു കർമം, നാം തൃപ്തിയായിട്ടും അതിന്റെ സങ്കല്പത്തിന്റെ ഭാഗത്തും, ചെയ്തു ഫലിപ്പിച്ചിട്ട് തന്റെ കർമം വേറൊരു സ്വഭാവത്തിൽ പിഴച്ചുപോയാൽ എവിടെയാണ് ആ സങ്കല്പത്തിന്റെ ഫലം നാം അനുഭവിക്കുന്നതെന്ന് അറിഞ്ഞുകൊള്ളണം. കാരണം, ഞാനെന്തൊക്കെയോ ചെയ്തു, ശരി തന്നെയാണ്. പക്ഷെ ഏതിനുവേണ്ടി ചെയ്തു; എന്തിനുവേണ്ടി ചെയ്തു? ധീരനും ആ ധീരതയിൽ സമ്പന്നത പുലർത്തുന്ന ഒരു ഭക്തനാകാനും ആ ഭക്തനിൽ ഭക്തനായി വരാനും വിശുദ്ധരിൽ വിശുദ്ധനാകാനും, തനിക്കു കഴിയുന്ന കർമം സ്വയം ഏറ്റെടുത്തിട്ടു പോകുന്ന ഒരു കർമ്മം, നമ്മളിവിടെ നിന്നേ ചിന്തിച്ചിട്ടു പോകണം. കാരണം, ഒരു വലിയ കാര്യത്തിലേക്ക് കടന്നിട്ട് അതിൽ ബന്ധപ്പെടുന്ന എല്ലാ കർമങ്ങളിലും പെട്ടിട്ട് ഏറ്റവും അഴുക്കിലേക്കു പോകുന്ന പ്രവൃത്തിയും ചിലരിലുണ്ട്. ഇതു മനസിലാക്കിയിട്ട്, എനിക്കറിയാതെ വന്നെങ്കിൽ അത് 'അപ്പാ, ഗുരുവേ ക്ഷമിച്ച് എനിക്കു മാപ്പാക്കിത്തരണം' എന്നുള്ള സങ്കല്പവും നമ്മുടെ മനസിൽ ഉണ്ടാവണം.

നമ്മുടെ വീട്ടിലും മറ്റെല്ലാ പ്രവർത്തനശേഷികളിലും ഈ കാര്യം മനസിലാക്കിയിട്ട്, നമ്മുടെ നാട്ടിലും രാജ്യത്തും ലോകത്തും വലിയ ആപത്തുകൾ വരാനുള്ളത് ഒഴിഞ്ഞുപോകണം എന്നുള്ള സങ്കല്പവും നമ്മൾ ചെയ്തിരിക്കണം. ഏതു വേല ചെയ്യുമ്പോഴും അങ്ങനെ ഒരു സങ്കല്പം ഗുരുവിനെ സാക്ഷി നിർത്തി അല്ലെങ്കിൽ ആ സങ്കല്പരൂപത്തെ മനസിൽ ധ്യാനിച്ചിട്ട് നമ്മൾ ചെയ്തുപോകണം. അത് മറക്കാതെ ചെയ്യേണ്ട ഒരു വിഷയമാണ്.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ജീവിതസമരത്തിലെ ഒരദ്ധ്യായം

ഗുരുവിന്റെ അച്ഛനും അമ്മയും സാത്വികപ്രകൃതികളായിരുന്നു, പാവനചരിതരായിരുന്നു. വിശേഷിച്ചും അച്ഛൻ. ജന്മപരമ്പരകളിലൂടെ അവർ സഞ്ചയിച്ച സുകൃതത്തിന്റെ ഫലമായിട്ടാണ് ഗുരു അവർക്ക് പുത്രനായി ജനിച്ചത്. അച്ഛൻ നല്ല അറിവും വിവേകവുമുള്ള ആൾ. ഭക്തിയുടെ കാര്യം വെറും ഒരു കാട്ടിക്കൂട്ടലല്ല അച്ഛന്. ഭക്തി ഉള്ളറയിലെ ദാഹം തന്നെ ആയിരുന്നു. ശാന്തനും ചിന്താപരനുമായിരുന്നു അദ്ദേഹം.

ദൈവത്തിന്റെ വരദാനമാണ് അവരുടെ പുത്രൻ. ഇങ്ങനെ ഒരു പുത്രൻ ലഭിച്ചത് ആ കുലത്തിന്റെ യോഗ്യതയോ പാരമ്പര്യമോ മൂലമല്ലെന്ന് അവർക്കറിയാം. അതവർക്ക് അവകാശപ്പെട്ടതുമല്ല. അതെ, അനാദിയും അനന്തവുമായ ആ മഹാനിഗൂഢതയുടെ പ്രത്യേക കരുതൽ തന്നെയാണ് ഈ ജന്മം.

ഗുരുവിന് ഒൻപത് മാസം പ്രായമായപ്പോൾ അച്ഛൻ ദിവംഗതനായി. പില്ക്കാലത്ത് വളർച്ചയുടെ ഒരു ഘട്ടത്തിൽ അച്ഛനെ കണ്ട ഓർമ്മയില്ലല്ലോ എന്നൊരു ഖേദം തോന്നി. അന്ന് സ്വപ്നത്തിൽ ഒരാളെ കണ്ടു. വേറൊരാൾ ആ ആളെ ചൂണ്ടി പറഞ്ഞു: "അതാ നിന്റെ അച്ഛൻ"

അതിനുശേഷം അത്തരം ഓർമ്മകളൊക്കെ ഏതോ വിസ്മൃതിയിൽ ആണ്ടുപോയി. അപ്പോൾ മനസ്സിൽ ഒരു തോന്നലുണ്ടായി. ഈ വക കാര്യങ്ങളിൽ കുരുങ്ങി മനസ്സിനെ ശല്യപ്പെടുത്തിക്കൂടാ. ഇതൊന്നും സ്ഥിരസത്യങ്ങളല്ലല്ലോ. മാറിക്കൊണ്ടിരിക്കുന്ന സത്യങ്ങളല്ലെ, വ്യാവഹാരികസത്യങ്ങൾ? ദു:ഖവും സുഖവും വന്നോട്ടെ. മനസ്സിനെ ആ നിത്യസത്യത്തിൽ ഊന്നുക തന്നെ. ആ സത്യത്തിന്റെ ഉള്ളിലേക്ക് നോക്കാൻ ശ്രമിക്കുമ്പോഴൊക്കെ മനസ്സ് നിറഞ്ഞ് ആ ദിവ്യജ്യോതിസ്സു മാത്രമെ കാണുന്നുള്ളൂ.

ആ ചൈതന്യസ്രോതസ്സിന്റെ അധികതയിൽ യാതൊന്നും അറിഞ്ഞുകൂടാതായി. ഒന്നും സംസാരിക്കാതെയായി. പക്ഷെ ആ അവസ്ഥയിലും മനസ്സിന്റെ സംവേദനക്ഷമത നിസ്തുലമായിരുന്നു. പ്രകൃതിയുടെ ആർദ്രഭാവങ്ങളുമായി സദാ സംവദിച്ചുകൊണ്ടിരിക്കാനുള്ള വ്യഗ്രത. അമ്മയുൾപ്പെടെയുള്ള പീഡിതബന്ധുക്കളെക്കുറിച്ചുള്ള ചിന്ത മനസ്സിനെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നപ്പോഴും മനസ്സ് അനവധി സൂക്ഷ്മസംവേദനങ്ങളുടെ സംഗമവേദി തന്നെയായിരുന്നു. സദാ അനശ്വരത തേടുന്ന ഒരസാധാരണ മനസ്സായിരുന്നു അത്.

നമ്മയെ സംരക്ഷിക്കുക എന്നത് പ്രകൃതിയുടെ ധർമ്മമാണ്. ജ്ഞാനത്തിന്റെ ആദിബീജം ഉള്ളിൽ പ്രകാശിക്കാൻ തുടങ്ങിയതു മുതൽ സൂചനകളും അടയാളങ്ങളും തെളിവുകളും ഗുരുവിന് ലഭിച്ചുതുടങ്ങി. പൊടിയും പരാഗവുമില്ലാത്ത തെളിച്ചമുള്ള ഉൾക്കാഴ്ചകൾ വളർത്തിയെടുക്കാൻ ഇത് പ്രചോദകമായി.

കുട്ടിക്കാലം മുതലേ ഉണ്ടായിരുന്ന ഒരു വിശേഷവിധിയെ കുറിച്ച് ഗുരു ഇങ്ങനെ വെളിപ്പെടുത്തിയിട്ടുണ്ട് : "എന്റെ ശരീരം ഒരു മൈക്കു പോലെയായിരുന്നു. ഒൻപത് വയസ്സുവരെ ആ സ്ഥിതി നിലനിന്നിരുന്നതായി എനിക്ക് ഓർമ്മയുണ്ട്. പിന്നീടത് കാണാതായി."

അതിനുശേഷമാണ് ഗുരു സംസാരിക്കാനും മറ്റുള്ളവരോട് ഇടപഴകാനും തുടങ്ങിയത്. വിദ്യാഭ്യാസത്തിനായി മാളിയേക്കൽ കുമാരപിള്ള ആശാന്റെ കുടിപ്പള്ളിക്കൂടത്തിൽ പോയപ്പോൾ ഗുരുവിന് ഒൻപത് വയസ്സായിരുന്നു. പതിനാല് വയസ്സുവരെ ആശാൻ പഠിപ്പിച്ചു. സിദ്ധരൂപത്തിന്റെയും അമരകോശത്തിന്റെയും ആദ്യപാഠങ്ങളും മാഘവും കഴിഞ്ഞപ്പോൾ ആശാന് വയ്യാതെയായി. മറ്റ് സ്കൂൾ സമ്പ്രദായത്തിലൊന്നും ഗുരു പഠിച്ചിട്ടില്ല.

ഇരുളിനെല്ലാം അപ്പുറത്ത്, മായയ്ക്കപ്പുറത്ത് ആദിത്യവർണ്ണനായ ആദിമഹസ്സിൽ നിന്ന് ഉത്ഭവിച്ചൊഴുകുന്ന പ്രകാശധാരയിൽ നിത്യവും ആഴ്ന്നിറങ്ങുന്ന ഒരത്യപൂർവ്വ ജന്മത്തിന് തന്റെ തന്നെ അന്ത:രംഗത്തിൽ നിന്നല്ലാതെ മറ്റേതൊരു യൂണിവേഴ്സിറ്റിയിൽ നിന്നാണ് വിദ്യ അഭ്യസിക്കേണ്ടത്. സകല വിദ്യകളുടെയും മേലെ ചരാചരങ്ങളിലും പരമാണുപര്യന്തം വ്യാപരിച്ചാണല്ലോ ആ പരമപുരുഷൻ നിലകൊള്ളുന്നത്. കാറ്റ് വീശുന്നതും കാർമേഘം പെയ്യുന്നതും ഭൂമിയിൽ യഥാകാലം പരിവർത്തനങ്ങൾ സംഭവിക്കുന്നതും അവിടുത്തെ കല്പനയിൽ. അതിനെ നിസ്വാർത്ഥം, സ്നേഹാർത്ഥം സ്നേഹിച്ചാൽ മതി; അതുതന്നെ വിദ്യാഭ്യാസത്തിന്റെ പരമാവസ്ഥ. നമുക്ക് നല്ല ആരോഗ്യം കിട്ടാൻ, സകല ഭോഗങ്ങളും കിട്ടാൻ ഈശ്വരനാണോ പണിപ്പെടേണ്ടത്. അല്ല. നമ്മുടെ ആവശ്യങ്ങൾ പ്രാപ്തമാക്കാൻ ഈ ലോകത്തിലൂടെയും നമ്മുടെ ഇന്ദ്രിയങ്ങളിലൂടെയും നമ്മൾ തന്നെയാണ് പണിപ്പെട്ട് മുന്നേറേണ്ടത്. ഇതാണ് കുട്ടിക്കാലം മുതലേ ഗുരു നല്കുന്ന ജീവിതസന്ദേശം.

# വിദേശ പ്രാതിനിധ്യം കൊണ്ട് ശ്രദ്ധേയമായി ഗ്ലോബൽ സ്പിരിച്വൽ കോൺക്ലേവ്



*സ്പിരിചൽ കോൺക്ലേവ് സദസിൽ നിന്ന്*

**സ്പിരിചൽ സോൺ :** ശാന്തിഗിരി ആശ്രമത്തിൽ നടന്നു വരുന്ന സ്പിരിചൽ കോൺക്ലേവ് വിദേശ പ്രതിനിധികളുടെയും ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളിലെ പ്രൊഫസർമാരുടെയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാകുന്നു. ഓഗസ്റ്റ് 24, വ്യാഴാഴ്ച രാവിലെ 11 മണിക്ക് കോൺക്ലേവിന്റെ ഭാഗമായി ആരംഭിച്ച സെഷനിൽ ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ച് ചെയർമാൻ പ്രൊഫ.എസ്. ആർ. ഭട്ട്, ശാന്തിഗിരി ആശ്രമം ജനറൽ അഡ്മിനിസ്ട്രേഷൻ ഹെഡ് സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി, ശാന്തിഗിരി ആശ്രമം ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റ് ഇൻ ചാർജ് സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, ശാന്തിഗിരി ആശ്രമം ന്യൂ ഡൽഹി സോണൽ ഓഫീസ് ഇൻചാർജ് സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി, സൗത്ത്കൊറിയ സൺമൂൺ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്റഗ്രേറ്റീവ് മെഡിസിനിലെ പ്രൊഫ. ഗ്യോങ് ല്യോങ് ലീ, കാലടി ശ്രീശങ്കരാചര്യ സംസ്കൃത യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ശ്രീകല എൻ. നായർ, ഡൽഹി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈനീസ് സ്റ്റഡിസ് ഹോണററി ഫെലോ, പ്രൊഫ. മനോരഞ്ജൻ മൊഹന്തി, ചിക്കാഗോ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഫിലോസഫി ആന്റ് റീലിജ്യണിലെ പ്രൊഫ. ഡേവിഡ് ലോറൻസ്, ന്യൂഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ബിന്ദുപുരി എന്നിവരും എൻ. സി. ഇ. ആർ. റ്റി. മുൻ ഡയറക്ടർ പ്രൊഫ. ജെ. എസ്. രാജ്പുത്, അലഹബാദ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ജടാശങ്കർ തിവാരി, ഓസ്ട്രേലിയ ഇന്റർനാഷണൽ മനേഡിയൻ നെസോറിയൻ സുപ്രീംകൗൺസിൽ പ്രസിഡന്റ് പ്രൊഫ.ഡോ. ബ്രിഖ എച്ച്. എസ്. നസോറിയ, ഷില്ലോംഗ് നോർത്ത് ഈസ്റ്റേൺ ഹിൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. സുജാത മിറി, റഷ്യ സെൻപീറ്റേഴ്സ് ബർഗ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ കൾച്ചറിലെ പ്രൊഫ. സെർജി പഖമോവ് എന്നിവർ ഉച്ചയ്ക്ക് ശേഷമുള്ള സെഷനിലും സംസാരിച്ചു.

മൂന്ന് മണി മുതൽ നടന്ന സെഷനിൽ സൂറത്ത് ഹോളിസ്റ്റിക്ക് സയൻസ് റിസർച്ച് സെന്ററിലെ സ്വാമി (ഡോ.) ശൈലേഷ് മേത്ത, ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ഫെലോ ഡോ. കെ. ഗോപിനാഥൻ പിള്ള, ശ്രീലങ്കൻ മഹാബോധി സൊസൈറ്റി ചെയർമാൻ ബംഗല ഉപതിസ തിറോ, ശ്രീരാമാനുജൻ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി പ്രൊഫ. പ്രസന്ന വെങ്കിടാചര്യർ ചതുർവേദി സ്വാമി , കായംകുളം ശ്രീരാമകൃഷ്ണ മഠത്തിലെ സ്വാമി വാനിശാനന്ദ, ഗുവാഹട്ടിയിലെ റവ. ബിഷപ്പ് തോമസ് മീനാംപറമ്പിൽ, കണ്ണൂർ യൂണിവേഴ്സിറ്റി സർസയ്യിദ് കോളേജ് അറബി വിഭാഗത്തിലെ ഇസ്മായിൽ ഓലയിക്കര എന്നിവർ സംസാരിച്ചു.

ഇന്നലെ രാവിലെ 9 മണിക്ക് നടന്ന സെഷനിൽ ഗുജറാത്ത് രാജ്കോട്ടിലെ സ്വാമി പരമാത്മാനന്ദ സരസ്വതിജി, യൂണിവേഴ്സിറ്റി ഓഫ് മദ്രാസ് ഫിലോസഫി ഡിപ്പാർട്ട്മെന്റിലെ പ്രൊഫ.എസ്.പനീർ സെൽവം, മെക്സിക്കോയിൽ നിന്നുള്ള കാർലോസ് ഗുസ്മാൻ ബ്രിട്ടോൺ, പഞ്ചാബി യൂണിവേഴ്സിറ്റിയിലെ പ്രൊഫ. സെബാസ്റ്റ്യൻ വെലശ്ശേരി, കോഴിക്കോട് സർവ്വകലാശാല മുൻവൈസ് ചാൻസലർ പ്രൊഫ. കെ. കെ. എൻ. കുറുപ്പ് എന്നിവർ പങ്കെടുത്തു.

രാവിലെ 11.30 മുതൽ ആരംഭിച്ച സെഷനിൽ വിയറ്റ്നാം ബുദ്ധിസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വൈസ് റെക്ടർ വെനറബിൾ ടിക് ടാം ഡ്യൂക്ക്, സി.ബി.ഐ. മുൻ ഡയറക്ടർ പത്മശ്രീ ഡി. ആർ. കാർത്തികേയൻ, ന്യൂഡൽഹി ലോട്ടസ്സ് ടെമ്പിൾ ആന്റ് ബഹായി കമ്മ്യൂണിറ്റി ഓഫ് ഇന്ത്യയിലെ ഡോ. എ. കെ. മർച്ചന്റ്, ജപ്പാൻ ടോക്കിയോ നകമുറ ഈസ്റ്റേൺ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫ. മാത്യുവർ ഗീസ്, ജർമ്മൻ ശാന്തിഗിരി കൾച്ചറൽ ആന്റ് സോഷ്യൽ സെന്റർ ഹെർമ്മൻ നെനിംഗ് എന്നിവർ സംസാരിച്ചു. ഉച്ചയ്ക്കുശേഷം ഒരു മണിക്ക് ആരംഭിച്ച സെഷനിൽ ന്യൂഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ബയോടെക്നോളജിയിലെ പ്രൊഫ. ഉത്തം കെ. പതി, ശാന്തിഗിരി ആശ്രമം എഡ്യുക്കേഷൻ ഇൻചാർജ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, യു.എസ്.എ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസിലെ പ്രസിഡന്റ് പ്രൊഫ. ബാൽറാം സിംഗ്, ബംഗലൂരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റഡീസിലെ പ്രൊഫ. ശിശിർ റോയ്, ബംഗലൂരു ശ്രീ ചൈതന്യ സരസ്വതി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ. ഭക്തി വിജ്ഞാനമുനി, ജനനി (ഡോ.) രമ്യപ്രഭ ജ്ഞാനതപസ്വിനി, അലഹബാദ് യൂണിവേഴ്സിറ്റി ഫിലോസഫി ഡിപ്പാർട്ട്മെന്റിലെ പ്രൊഫ. ഋഷികാന്ത് പാണ്ഡെ എന്നിവർ സംസാരിച്ചു.

വൈകുന്നേരം നാല് മണിക്ക് നടന്ന സെഷനിൽ ശ്രീലങ്ക പാലി ആന്റ് ബുദ്ധിസ്റ്റ് സ്റ്റഡീസ് യൂണിവേഴ്സിറ്റിയിലെ ഡോ. കൊഗലെ വിജിത, ജനനി (ഡോ.) അനുകമ്പ ജ്ഞാനതപസ്വിനി, വാരണാസി ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി ഫിലോസഫി വിഭാഗത്തിലെ പ്രൊഫ. ജയന്ത് ഉപാധ്യായ, നേപ്പാൾ കാഠ്മണ്ഡു റീലിജ്യൻ ആന്റ് ഫിലോസഫി ഫോർ പീസ് അക്കാദമിയിലെ പ്രൊഫ. മോഹൻ ഖരേൽ, ഡൽഹി യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ഫിലോസഫി പ്രൊഫസർ ഡോ. സുധീർകുമാർ സിംഗ്, ശ്രീലങ്ക പാലി ആന്റ് ബുദ്ധിസ്റ്റ് സ്റ്റഡിസ് യൂണിവേഴ്സിറ്റിയിലെ ഡോ. ലെനഗാല ശ്രീനിവാസ തിറോ എന്നിവർ സംസാരിച്ചു.

ഇന്ന് ഹോട്ടൽ അൽസാജിൽ വെച്ച് നടക്കുന്ന കോൺക്ലേവിന്റെ വിവിധസെഷനുകളിൽ മുപ്പതോളം പ്രതിനിധികൾ പ്രബന്ധം അവതരിപ്പിക്കും.

GLOBAL
SPIRITUAL
CONCLAVE




*കോൺക്ലേവിൽ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി*

## ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ ഓണാഘോഷം നടന്നു

**ഹെൽത്ത്കെയർ സോൺ:** ഓണത്തിന്റെ ആദ്യ ദിനമായ ഇന്നലെ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ ഓണാഘോഷം നടന്നു. ഓണാഘോഷത്തിന്റെ ഉദ്ഘാടനം ദേശീയ മെഡിക്കൽ ആന്റ് വെൽനസ് ടൂറിസം ബോർഡ് മെമ്പർ സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി നിർവഹിച്ചു. കേരളത്തിന്റെ കാർഷികോത്സവമായിരുന്ന ഓണം ആഘോഷത്തിന്റെ നന്മ കൊണ്ട് ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്നുവെന്ന് സ്വാമി പറഞ്ഞു. കോളേജ് പ്രിൻസിപ്പാൾ ഡോ. വാസുകി ദേവി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പാൾമാരായ ഡോ.കെ. ജഗന്നാഥൻ, ഡോ.പി.ഹരിഹരൻ, പി.ടി.എ പ്രസിഡന്റ് എൻ. വിജയൻ നായർ, പി.കെ.ദേവിപ്രസാദ്, ഡാഡു.വി എന്നിവർ പ്രസംഗിച്ചു.

വിദ്യർത്ഥി പ്രതിനിധികളായ ഇലക്യ.ഇ സ്വാഗതവും ഗായത്രി ബിജോയി കൃതജ്ഞതയും പറഞ്ഞു. നാലു ബാച്ചിലെ വിദ്യർത്ഥികളുടെയും ഇനം തിരിച്ചുള്ള പൂക്കളമിടൽ, ഓണപ്പാട്ട്, തിരുവാതിര, കസേരകളി, കുടമടി, ഉറിയടി, വെള്ളംകുടി തുടങ്ങി വിവിധ മത്സരങ്ങളും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വടം വലിയും സംഘടിപ്പിച്ചു. അധ്യാപകരും കോളേജ് സ്റ്റാഫുകളും കലാപരിപാടികളിൽ പങ്കെടുത്തു.

# അഭിവന്ദ്യ ശിഷ്യപൂജിതയുടെ മാതാവ് ദിവംഗതയായി

**സ്പിരിച്വൽ സോൺ:** അഭിവന്ദ്യ ശിഷ്യപൂജിതയുടെ വന്ദ്യമാതാവ് പി.എൻ. രത്നമ്മ (75) ദിവംഗതയായി. ഓഗസ്റ്റ് 25 വെള്ളിയാഴ്ച വൈകുന്നേരം മൂന്നു മണിയോടെയായിരുന്നു അന്ത്യം. വാർദ്ധക്യസഹജമായ അസുഖത്തെ തുടർന്ന് തിരുവനന്തപുരം എസ്.യു.റ്റി. റോയൽ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു.സംസ്കാരചടങ്ങുകൾ ഇന്ന് വൈകുന്നേരം മൂന്നുമണിക്ക് എജ്യൂക്കേഷൻ സോണിലുള്ള ഗുരുവിന്റെ ഉദ്യാനത്തിൽ നടക്കും.

ഇടുക്കി ജില്ലയിലെ കല്ലാർ പട്ടം കോളനി ചോറ്റുപാറ വെസ്റ്റ് പാറയിൽ തെക്കേക്കൂറ്റ് കുടുംബത്തിൽ ദിവംഗതനായ റ്റി.കെ. ചെല്ലപ്പൻ പിള്ളയുടെ പത്നിയാണ്. മറ്റുമക്കൾ: ജയലളിത ടി.സി, പ്രസാദ് ടി.സി (മിഡിൽ ഈസ്റ്റ് കോളേജ്, മസ്ക്കറ്റ്), ലീനമോൾ ടി.സി (മിനി ശ്യാം – ശാന്തിഗിരി ആയുർവേദ ഹെൽത്ത് കെയർ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട്). മരുമക്കൾ: ശ്യാംകുമാർ എസ്, സീനിയർ കൺവീനർ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്, ശാന്തിഗിരി ആശ്രമം. (റിട്ട.പോലീസ് ഓഫീസർ). താര പ്രസാദ് (കോന്നി ബ്ലോക്ക് എക്സചേഞ്ച് ഓഫീസർ)

റാന്നി തോട്ടമൺകാവ് പാട്ടത്തിൽ വീട്ടിൽ നാണുപിള്ളയുടെയും ലക്ഷ്മിക്കുട്ടിയമ്മയുടെയും മകളാണ്.

സഹോദരങ്ങൾ: രാമനാഥൻ പിള്ള, രമണിദേവി, ഓമന, ശാന്ത, ദിവംഗതരായ ഗോപിനാഥൻ പിള്ള, വാസു പിള്ള, രവി പിള്ള.

ഭൗതികശരീരം സ്പിരിചൽ സോൺ കോൺഫറൻസ് ഹാളിൽ പൊതുദർശനത്തിനായി എത്തിച്ചു. സന്ന്യാസി സന്ന്യാസിനിമാരും ആത്മബന്ധുക്കളും ബന്ധുമിത്രാദികളും നാട്ടുകാരും അന്തിമോപചാരം അർപ്പിച്ചുവരുന്നു. ഇന്ന് ഉച്ചതിരിഞ്ഞ് രണ്ട് മണിയോടെ പ്രാർത്ഥനാ ചടങ്ങുകൾ ആരംഭിക്കും.



*പി.എൻ. രത്നമ്മ*

## അനുസ്മരണം

# അമ്മയെ ഓർക്കുമ്പോൾ...

### സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

അര നൂറ്റാണ്ട് മുമ്പുള്ള ഒരു സംഭവമാണ്. ശൈശവരോഗ പീഢകളാൽ വല്ലാതെ ബുദ്ധിമുട്ടുന്ന തങ്ങളുടെ കുഞ്ഞുമായി ഒരു അച്ഛനും അമ്മയും തിരുവനന്തപുരത്ത് ഒരു സൂഫി സന്ന്യാസിയെ കാണാനെത്തി. ആ കുഞ്ഞ് അവരുടെ ആദ്യസന്താനമാണ്. കുഞ്ഞിന് ആയുസ് കിട്ടുമോ എന്ന ഭയം അവരെ വല്ലാതെ അലട്ടിയിരുന്നു. വൈദ്യന്മാരെയൊക്കെ കണ്ട് ചികിത്സിച്ചെങ്കിലും ഫലമുണ്ടായില്ല. പല ആശുപത്രികളിലും കയറിയിറങ്ങി. തിരുവനന്തപുരത്തിനടുത്തുള്ള ബീമാപള്ളിയിലും വെട്ടുകാട് പള്ളിയിലുമൊക്കെ പോയി. ആയിടയ്ക്ക് ഒരു സൂഫി സന്ന്യാസിയെകുറിച്ച് അറിഞ്ഞാണ് അദ്ദേഹത്തെ കാണാൻ ചെന്നത്. മാതാപിതാക്കൾ കുട്ടിയുടെ വിവരം അറിയിച്ചു. സന്ന്യാസി കുഞ്ഞിനെ നോക്കി ഇപ്രകാരം പറഞ്ഞു: ഈ കുഞ്ഞ് അമ്മയുടേതല്ല, ഇവൾ ലോകത്തിന്റേതാണ് എന്ന്. ആ കുഞ്ഞ് ശിഷ്യപൂജിതയായിരുന്നു. സൂഫി സന്ന്യാസി മറ്റാരുമായിരുന്നില്ല, ഗുരുവിന്റെ ആത്മീയ ഗുരു പഠാണി സ്വാമികൾ!!

കേരള സംസ്ഥാന രൂപീകരണ സമയത്ത് ഇടുക്കിയിലേക്ക് നടന്ന കുടിയേറ്റകാലത്താണ് അഭിവന്ദ്യ ശിഷ്യപൂജിതയുടെ കുടുംബം പട്ടം കോളനിയിലേക്ക് കുടിയേറിയത്. അവിടെ വച്ചായിരുന്നു ശിഷ്യപൂജിതയുടെ ജനനം. 1961 തുലാമാസത്തിലെ പൂരാടം നക്ഷത്രത്തിൽ. റ്റി.കെ. ചെല്ലപ്പൻ പിള്ളയുടെയും രത്നമ്മയുടെയും ആദ്യസന്താനമായിരുന്നു. അന്ന് രാധ എന്നാണ് വിളിച്ചിരുന്നത്. കുഞ്ഞിന്റെ അമ്മയും അച്ഛനും ആദ്ധ്യാത്മിക വിഷയങ്ങളിൽ അറിവു നേടിയിരുന്നു.



*റ്റി.കെ. ചെല്ലപ്പൻ പിള്ള*

അച്ഛനും അമ്മയ്ക്കും സന്ന്യാസിമാരോട് ഒരു പ്രത്യേക ബഹുമാനമുണ്ടായിരുന്നു. ആ നാട്ടിൽ സന്ന്യാസിമാരായി ആരെത്തിയാലും അവരെ വീട്ടിൽ കൂട്ടിക്കൊണ്ടുവരികയും വേണ്ടത്ര ഉപചാരങ്ങൾ നൽകി അവരെ ആദരിക്കുകയും ചെയ്തിരുന്നു. ഒരു വൃശ്ചികമാസം 1-ാം തിയതി ഗുരു കല്ലാർ ആശ്രമത്തിലെത്തിയപ്പോഴാണ് ശിഷ്യപൂജിത കുടുംബത്തോടൊപ്പം ആദ്യമായി ഗുരുവിനെ കണ്ടത്. വാക്കുകൾ കൊണ്ട് ഒരിക്കലും വിവരിക്കാനാവാത്ത ഒരു ഗുരുശിഷ്യബന്ധത്തിന്റെ തുടക്കം അവിടെ നിന്നായിരുന്നു. മല കയറിവന്ന അച്ഛൻ കണ്ടത് ഗുരുവിനു മുന്നിൽ നമസ്കരിക്കുന്ന മകളെയാണ്. ഈ രംഗങ്ങൾ കണ്ട് നിറകണ്ണുകളോടെ ആ മാതാപിതാക്കൾ അമ്പരന്നുപോയി. അന്ന് ഗുരു വീട്ടുകാരെ ഇപ്രകാരം അറിയിച്ചിരുന്നു: “നിങ്ങൾ ഉപാസിക്കുന്ന ഉപാസനാമൂർത്തി ജാഗ്രത്തിലോ സ്വപ്നത്തിലോ വന്ന് സത്യം വെളിപ്പെടുത്തും. അങ്ങിനെ എന്തെങ്കിലും അനുഭവങ്ങളുണ്ടാകുമ്പോൾ വന്നുപറയണം. ഇല്ലെങ്കിൽ പ്രയോജനമില്ല..”



*ചോറ്റുപാറയിൽ ഈ കുടുംബം താമസിച്ചിരുന്ന ഭവനം (ഇന്ന് ഗുരുവിന്റെ വീട് – ശാന്തിഗിരി ആശ്രമം, രാമക്കൽമേട് ബ്രാഞ്ച് എന്നറിയപ്പെടുന്നു)*

മൂന്നാം ദിവസം കുഞ്ഞിന്റെ അമ്മയ്ക്ക് ദർശനമുണ്ടായി. ചുവപ്പും മഞ്ഞയും കലർന്ന പ്രകാശത്തിൽ മുരുകൻ പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു: “ഈ മാർഗ്ഗം നല്ലതാണ്. അന്ത്യംവരേയും ഇതിൽ വിശ്വസിച്ചു പോകണം. എനിക്കു കൂടുതലായി ഒന്നും തരാനില്ല. എല്ലാം ഗുരുവിലുണ്ട്.” വീട്ടിൽ എല്ലാവർക്കും ചെറിയ നിലയിലുള്ള അനുഭവങ്ങളുണ്ടായി.

1971 ൽ ഒൻപതാം വയസിൽ ശിഷ്യപൂജിത തന്റെ ആശ്രമജീവിതം ആരംഭിക്കുന്നതിനു മുമ്പായി ഗുരു പലതവണ ഇടുക്കി കല്ലാറിലുള്ള ഈ ഭവനം സന്ദർശിച്ചിട്ടുണ്ട്. ഗുരു ആദ്യമായി വീട്ടിൽ വരുന്ന സമയത്ത് വീടും പരിസരവും വൃത്തിയായി ഒരുക്കി ദൈവം നമ്മുടെ വീട്ടിൽ വരുന്നു എന്ന് കുഞ്ഞുങ്ങളോട് പറഞ്ഞുകൊടുക്കാൻ തക്ക അറിവ് അമ്മയ്ക്കുണ്ടായിരുന്നു. അമ്മ ഗുരുവിനെ ദൈവമായി കണ്ട് ആരാധിക്കുകയും മക്കൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തിരുന്നു. “ഗുരുവിൽ നിന്നും ഒന്നും മറച്ചുവയ്ക്കരുത്. നമ്മുടെ എന്തുകുറ്റവും ഗുരുവിനോട് പറയാം. ഗുരുവിന് നമ്മുടെ എല്ലാ കുറവുകളും മാറ്റാൻ കഴിയും. ഗുരുവാണ് നമ്മളെ സൃഷ്ടിച്ചത്.” എന്നെല്ലാം അമ്മ ഉപദേശിക്കുമായിരുന്നു. ജീവിതത്തിലെ ഏറ്റവും വലിയ സുകൃതമാണ് ഗുരുവിനെ ദർശനത്തിൽ കാണുന്നതെന്നും ഏകാഗ്രമായ ഭക്തിയുണ്ടായാലേ ഗുരുവിന്റെ ദർശനം കിട്ടൂ എന്നും ആത്മാനുഭൂതി ഉണ്ടാകണം എന്നും അമ്മ എപ്പോഴും ഓർമ്മിപ്പിച്ചിരുന്നു.

ചോറ്റുപാറയിൽ ഈ കുടുംബം താമസിച്ചിരുന്ന ഭവനം ഇന്ന് ഗുരുവിന്റെ വീട് (ശാന്തിഗിരി ആശ്രമം, രാമക്കൽമേട് ബ്രാഞ്ച്) എന്നറിയപ്പെടുന്നു.



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala